# ഉബുണ്ടു പുസ്തകം 2.0

## ലിറ്റിൽ കൈറ്റ്സ് മാഗസിൻ

Little KITEs

റവ. ഡോ. സി.ടി.ഈപ്പൻ മെമ്മോറിയൽ
സെന്റ്.തോമസ് വി.എച്ച്.എസ്.എസ്.
പന്നിവിഴ, ആനന്ദപ്പള്ളി. പി.ഒ., അടൂർ, പത്തനംതിട്ട

## പത്രാധിപ സമിതി

ശ്രീമതി ബിന്ദു ടി.എസ്., പ്രഥമാധ്യാപിക

ശ്രീമതി ജെസ്സി ചാക്കോ, എസ്.ഐ.ടി.സി

ശ്രീ. ശ്രീജിത്ത്. എസ്. ചന്ദ്രൻ, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

### മാഗസിൻ എഡിറ്റർ

അലൻ ജേക്കബ്, ലിറ്റിൽ കൈറ്റ്സ് അംഗം

### ടൈപ്പിംഗ് & ലേഔട്ട് സെറ്റിംഗ്

പ്രവീൻരാജ്, ലിറ്റിൽ കൈറ്റ്സ് അംഗം

### ഗ്രാഫിക് എഡിറ്റിംഗ്

യദുകൃഷ്ണൻ, ലിറ്റിൽ കൈറ്റ്സ് അംഗം

### ഡിസൈനിംഗ്

ബിബിൻ. എസ്., ലിറ്റിൽ കൈറ്റ്സ് അംഗം

### കവർ പേജ് ഡിസൈനിംഗ്

റോഷിൻ. എസ്., ലിറ്റിൽ കൈറ്റ്സ് അംഗം





# വിദ്യയും വിദ്യാലയവും

രഞ്ജിമാ രാജീവ്., ക്ലാസ്സ്: 9

എൻറെ വിദ്യാലയത്തിലെ അക്ഷരപ്പൂവിലെ
നറുതേൻ നുകർന്നു ഞാനുല്ലസിച്ചു,
എന്നിലെ അക്ഷര ചെടിയിലെ പൂക്കൾ
ഓരോ ദിനവും വിരിഞ്ഞു വന്നു.

എന്നിലെ പൂക്കൾ കൊഴിയാതെ
ഞാനത് മാറോട് ചേർത്തു പിടിച്ചുവച്ചു.
വിദ്യയായി വളരുന്ന അക്ഷര ചെടിയിലെ
നറുതേനെടുക്കാൻ ശലഭമെത്തി

ചെടിയായി വളർന്നൊരെൻ സസ്യമിപ്പോൾ
മരമായി വളർന്നിരിക്കുന്നുവല്ലോ
നാളെയെൻ കണ്ണുകൾ പൂട്ടിയാലും
എന്നിലെ വിദ്യകൾ മായുകില്ല.



# അടവ്

യദുകൃഷ്ണൻ, ക്ലാസ് : 9 ബി.

പാടത്തിൻറെ കരയിൽ ഒരു ചെറിയ വീട്ടിൽ ഒരപ്പൂപ്പനും അമ്മൂമ്മയും താമസിച്ചിരുന്നു. അവർക്ക് മക്കളുണ്ടായിരുന്നില്ല. കുട്ടികളോട് അവർക്ക് ഒട്ടും സ്നേഹം ഉണ്ടായിരുന്നില്ല. വയലിൽ പണിചെയ്തു് അവർ ഉപജീവനം കഴിച്ചു വന്നു. പുഞ്ചകൊയ്ത്ത് കഴിഞ്ഞപ്പോൾ അമ്മൂമ്മയ്ക്കു അവൽ തിന്നാൻ ആഗ്രഹം തോന്നി. വിവരം അപ്പൂപ്പനോട് പറഞ്ഞു. അപ്പൂപ്പൻ അഭിലാഷം നിറവേറ്റിക്കൊടുക്കാൻ സന്നദ്ധാനയി. ഇരുവരും കൂടി നെല്ലിടിക്കാൻ തീരുമാനിച്ചു. അമ്മൂമ്മ നെല്ല് വറുത്ത് ഉരലിലിട്ടു. അപ്പൂപ്പൻ ഇടിച്ചു. നെല്ലിടിക്കുന്ന ശബ്ദം കേട്ട് അയൽപക്കത്തെ രാമുവിൻറെ വായിൽ വെള്ളമൂറി. അവൻ പതുക്കെ ആ വീട്ടിൽ ചെന്നു. രാമുവിൻറെ വരവ് വൃദ്ധദമ്പതികൾക്ക് ഇഷ്ടപ്പെട്ടില്ല. അപ്പൂപ്പൻ ഉലക്ക താഴെ വച്ചിട്ട് അമ്മൂമ്മയുടെ പുറത്ത് കൈചുരുട്ടി രണ്ട് ഇടികൊടുത്തു. അമ്മൂമ്മ നിലത്ത് ഉരുണ്ട് വീണ് വാവിട്ട് നിലവിളിച്ചു. അപ്പൂപ്പൻ എന്നിട്ടും ഇടി നിർത്തിയില്ല. വീണ്ടും ഇടിച്ചു. അമ്മൂമ്മ കരച്ചിലിനിടയിൽ ദേഷ്യവും സങ്കടവും സഹിക്കാൻ ആകാതെ അവൽ മുഴുവൻ വാരിതൂവി. അപ്പൂപ്പനും അമ്മൂമ്മയും വഴക്കു കൂടുന്നത് കണ്ട് രാമു ഭയന്നുവിറച്ചോടി. രാമു പോയികഴിഞ്ഞപ്പോൾ അപ്പൂപ്പൻ പറഞ്ഞു: എൻറെ അടവ് എങ്ങനെ ഉണ്ട്? രാമുവിനെ ഓടിക്കാൻ ചെയ്തു പണിയാണ്. അവൻ ഇവിടെ നിന്നാൽ അവൽ കിട്ടിയേ അടങ്ങൂ അതുകൊണ്ടാണ് ഞാൻ നിന്നെ നോവാതെ ഇടിച്ചത്. അമ്മൂമ്മ ചിരിച്ചു കൊണ്ടു പറഞ്ഞു. നിങ്ങളുടെ കൂടെയല്ലേ ഞാൻ ഇക്കാലമത്രയും പൊറുത്തത് നിങ്ങളുടെ ഉള്ളിലിരുപ്പ് എനിക്കറിയാം അതല്ലേ ഞാൻ ഒരവിലു പോലും താഴെപോവാതെ മുറത്തിൽ മാത്രം തൂവിയത്. ഇരുവരും രാമുവിനെ പറ്റിച്ച ചാരിതാർത്ഥ്യത്തോടെ അവൽ പാറ്റിപ്പെറുക്കി വൃത്തിയാക്കി ശർക്കരയും തേങ്ങയും ചുരണ്ടിയിട്ട് അവൽ തിന്നുന്നതിനിടയിൽ അപ്പൂപ്പൻ പറഞ്ഞു. പാവം രാമു നമ്മുടെ അടവ് കണ്ട് പേടിച്ച് ഓടി.

# സ്നേഹം

വിഷ്ണു വസന്ത്, ക്ലാസ്സ് : 9 ബി

സ്നേഹമായ് ഒഴുകി വരുമീ ലോകമേ
അതിലലിയുന്നു തൻ ജീവിതം
സ്നേഹത്തിൽ ആഴമായ് മാറിയ നോവുകൾ
സുഖമായ് മാറുമീ മനസ്സിൽ
സ്നേഹിക്കുവാൻ വെമ്പൽ കൊള്ളുമ്പോൾ
നോവു നിറയുകയാണീ ലോകം

ഈ ലോകം തേടുന്ന വികാരം
ഇന്നെവിടെ കിട്ടും പാരിൽ
ചതിയും വഞ്ചനയും മാത്രമുള്ള കാല-
ത്ത് സ്നേഹത്തിനെന്തു പ്രസക്തി
നിങ്ങൾ ചിന്തിക്കൂ, പറയൂ
പിടിച്ചു വാങ്ങാൻ കഴിയുന്നതാണോ സ്നേഹം

മരണതുല്യമായ് മാറുന്നു സ്നേഹം
ലോകത്തിൽ നിന്ന് മാറ്റപ്പെടുന്നു
വിശ്വാസവഞ്ചനയിൽ നഷ്ടപ്പെടുന്നു
ദൈവസ്നേഹമാണ് ഈ
ഉലകിലെ ഉണ്മയായ സ്നേഹം.

# സൗഹൃദം

ആൽവിൻ തോമസ്, ക്ലാസ് : 9 ബി

ജാലകകാഴ്ച്ചയ്ക്ക് എന്തോ ഒരു പ്രത്യേകത ഉള്ളതായി വിനയന് തോന്നിയിരുന്നു. താഴെ തൊടിയിൽ നിന്നും അമ്മൂമ്മ പശുവിനേയും കിടാവിനേയും കൊണ്ടുവരുന്നു. മണിക്കുട്ടി മുമ്പേ ഓടി വന്നു തൊഴുത്തിന് ചുറ്റും നടക്കുകയാണ്. അവനും പുറത്തേക്ക് ഇറങ്ങി, അമ്മൂമ്മയോടൊപ്പമുള്ള ജീവിതം, തനിക്ക് മാതാപിതാക്കൾ ഇല്ല എന്ന വേദന ഒരിക്കലും വിനയൻ അറിഞ്ഞിട്ടില്ല. പഴംകഥകൾ പറഞ്ഞും, സത്യത്തിൻറേയും നന്മയുടേയും വഴികളെക്കുറിച്ചു പറഞ്ഞുമാണ് അമ്മൂമ്മ അവനെ വളർത്തുന്നത്. എല്ലാവരേയും സ്നേഹിക്കാൻ മാത്രമറിയുന്ന കുട്ടിയാണ് പേര് പോലെ വിനയമുള്ള വിനയൻ.

മാളികവീട്ടിലെ മനുവും വിനയനും ഒരേ സ്കൂളിൽ ഒരേ ക്ലാസിലാണ് പഠിക്കുന്നത്. പക്ഷെ മനു അഹങ്കാരി ആയിരുന്നു. സാമ്പത്തിക അടിസ്ഥാനത്തിലാണ് അവൻ കൂട്ടുകാരെ തിരഞ്ഞെടുക്കുന്നത്, വിനയനെ അവൻ ഒരിക്കലും കൂട്ടുകാരനായി കരുതിയിരുന്നില്ല.

അവൻറെ സിൽക്ക് ഉടുപ്പുകളും പുതിയതരം ചെരുപ്പുകളും കാണുമ്പോൾ വിനയന് അവനോട് ആരാധനയായിരുന്നു. സ്കൂളിലെ തന്നെ ഏറ്റവും മിടുക്കനായ വിനയനോട് അധ്യാപകർക്കും മറ്റു കുട്ടുകാർക്കും ഏറെ വാൽസല്യമായിരുന്നു. ഇത് മനുവിനെ കുറച്ചൊന്നുമല്ല ക്ഷുഭിതനാക്കിയിരുന്നത്. മനു അത്രമാത്രം പിറകിലോട്ടായിരുന്നു. പണമുള്ളതും പഠിക്കാൻ മോശമായതുമായ കുറേ കുട്ടികളായിരുന്നു അവൻറെ സുഹൃത്തുക്കൾ.



ഓരോ തവണ വിനയൻറെ മാർക്കുകൾ കാണുമ്പോൾ മനു അവൻറെ കൂട്ടുകാരെ ഉപയോഗിച്ച് വിനയനെ കളിയാക്കുക പതിവായിരുന്നു. തൻറെ വിഷമം അമ്മൂമ്മയോട് പറയുമ്പോൾ മറുപടി തികച്ചും നിരാശാജനകമായിരിക്കും.

ഒരു ദിവസം മനുവും കൂട്ടുകാരും പുഴക്കടവിൽ കളിക്കാൻ പോയി. മനു കാലുതെറ്റി പുഴയിൽ വീണു. പുഴക്കടവിൽ കളിക്കാൻ വന്നതിന് രക്ഷിതാക്കൾ ശിക്ഷിയ്ക്കുമെന്ന് കരുതി അവർ ആരോടും പറയാതെ ഓടി രക്ഷപെട്ടു. ആ സമയം വിനയൻ പുഴക്കടവിലൂടെ അമ്മൂമ്മയുടെ കൈപിടിച്ച് നടന്നു വരുകയായിരുന്നു. ആരോ പുഴയിൽ കൈകാലിട്ടടിക്കുന്നത് കണ്ട് മറ്റൊന്നും ചിന്തിക്കാതെ വിനയൻ പുഴയിലേക്ക് ചാടി കയത്തിലേക്ക് പോയ മനുവിനെ വലിച്ച് കരയ്ക്കെത്തിച്ചു. അവൻ കുടിച്ച വെള്ളം മുത്തശ്ശി അവനെ കമഴ്ത്തികിടത്തി ഞെക്കിക്കളഞ്ഞു.

ആശ്വാസം കിട്ടിയ മനു വിനയത്തോടെ തൻറെ തെറ്റുകളോർത്തു മാപ്പുപറഞ്ഞു. അതിനു ശേഷം മനുവിൻറെ സ്വഭാവത്തിൽ മാറ്റമുണ്ടായി, ചീത്തക്കൂട്ടുകെട്ടുകൾ ഒഴിവാക്കി പഠിക്കുവാനും ശ്രമിച്ചു. ഒപ്പം മറ്റുള്ളവരെ സ്നേഹിക്കാനും പഠിച്ചു.

# PERSONALITY DEVELOPMENT

**Alen Jacob, Class – IX B**

Many people mistake the physical appearance and various external characteristics of an individual as his or her personality. As they talk about a marvellous personality, they may refer to the height, weight, structure and complexion. It's true that physical appearance does not matter. However, since most of them are beyond our power and control. It's useless to waste our time and energy thinking about them.

Personality is to be considered as the "Brand image " of an individual. In simple terms it's made up of three aspects namely character, behaviour and attitude .Basically personality development is the improvement of behaviour, communication skill, inters personal relationship, attitude towards life and ethics. Character can be considered as the basic factor in determining an individual's personality. It is a fact that all other factor behind a powerful personality will became useless if the person lacks a good character and behavior. A personality can impress others only when it has formidable basis. If personality is developed on the solid base of value and ethics it will last forever. Talk, smiles and mannerisms may attract others for a comparatively short period which do not help in improving one's personality.

Different people have different opinions about what make a man's personality complete. Steven Lovely one of the all-time great author and motivator says that the best personality should be based on the solid foundation of character. Every human being is a unique creature. Always remember that blindly following someone else who is successful will never take you in the direction right for you. The key to success is hidden within us. The wealth we have earned is not important but what is important is the means that we have adopted for acquiring that wealth. Our personality, capacities, thought and ideas all are very important in determining our character.

In psychology the meaning of personality is the integrated organization of all the psychological, intellectual, emotional and physical characteristics of an individual in

simple words personality is the general understanding of the qualities of a person. It can't be re[produced in any different manner and can be understood only through experience one has to be very careful in understanding and valuing. In an interview what the candidates and the interviewers do is the same.

Personality can't be described but only experienced. Person of magnetic personality will have the rare quality of transforming various things coming in touch with him. It is said that it's a divine gift that forms the foundation of a successful life, it can be rightly described "divine"  because it helps a person to overcome his human weakness. They will bring out also from others. The whole principle of an attractive personality lies in this sentence. A fine manner pleases and attracts others. On the contrary a rough attitude will irritate others. However the one who has developed a good personality will reap the benefits of it for centuries. Even death can't destroy its power because it continues to do wonders even after death.

"So Develop Your Personality"…



# ക്ഷമ

സഞ്ജയ്. എസ്, ക്ലാസ് - 9 ബി

ഒരിക്കൽ ഒരു സിംഹം ഒരു കാളയെ ആക്രമിച്ചു. വഴുതിമാറിയ കാള കിട്ടിയ ജീവനും കൊണ്ട് ഓട്ടം തുടങ്ങി. സിംഹം പിന്നാലെയും. അങ്ങനെ ഓടുമ്പോഴൊരു ഗുഹ കണ്ടു. കാള വളരെ പ്രയാസപ്പെട്ട് ഗുഹയിലേക്ക് കടന്നു രക്ഷപെട്ടു. ഗുഹയിൽ കുറേ കാട്ടാടുകൾ താമസമുണ്ടായിരുന്നു. അവർക്ക് കാള ഓടിക്കയറി വന്നത് ഇഷ്ടമായില്ല. കാളയെ അവർ സംഘം ചേർന്ന് തൊഴിക്കാനും കുത്താനും ഇടിക്കാനും തുടങ്ങി. കാള ഒരു ശബ്ദം പോലും പുറപ്പെടുവിക്കാതെ എല്ലാം സഹിച്ചതേയുള്ളൂ. കുറേ കഴിഞ്ഞപ്പോൾ കാട്ടാടുകൾ കാളയെ പരിഹസിക്കാൻ തുടങ്ങി: കഷ്ടം, കണ്ടാൽ തടിമാടനായിരിക്കുന്നുണ്ടെങ്കിലും നീയൊരു ഭീരുവാണല്ലോ! ഭയങ്കര ശക്തിമാനെന്ന് കാട്ടിൽ പ്രസിദ്ധനാണല്ലോ. എവിടെടോ തൻറെ ശക്തി?

കാള പറഞ്ഞു. നിങ്ങളുടെ ഉപദ്രവം ഞാൻ ക്ഷമയോടെ സഹിക്കുന്നത് ഭീരുത്വം കൊണ്ടല്ല. ശക്തിയില്ലാത്തതുമല്ല. എന്നേക്കാൾ ശക്തനായ സിംഹം പുറത്തു നിൽക്കുന്നതിനാലാണ്. ധൈര്യത്തേക്കാൾ ചിലപ്പോൾ അഭികാമ്യം ബുദ്ധിയാണ്.



# വിറക് മന്ത്രം

ഹരികൃഷ്ണൻ. എച്ച്, ക്ലാസ്സ് : 9 എ

പകലന്തിയോളം അധ്വാനിക്കുന്ന ഒരു വിറകുവെട്ടുകാരനായിരുന്നു ഇവാൻ. പക്ഷെ കുറച്ചുനാളായി അയാൾക്ക് ആഹാരത്തിനുള്ള വക പോലും കിട്ടുന്നില്ല. അതുകൊണ്ട് എന്തു പറ്റി? ഒരു ദിവസം വിറക് വെട്ടാൻ പോയ ഇവാൻ കാട്ടിൽ തളർന്ന് വീണു പോയി. അപ്പോഴതാ അവിടെ ഒരു അപ്പൂപ്പൻ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം ഇവാൻറെ മുഖത്തേയ്ക്ക് കുറച്ചു വെള്ളം തളിച്ചു. അടുത്ത നിമിഷം തളർച്ച മാറിയ ഇവാൻ ചാടി എഴുന്നേറ്റു.



'ഇവാൻ നിൻറെ കഷ്ടപ്പാടുകളെല്ലാം മാറാൻ പോകുന്നു. ഇനി നീ വിറകുവെട്ടാൻ കാട്ടിലൊന്നും വരേണ്ട. നിന്നെ ഞാൻ വിറകു മന്ത്രം പഠിപ്പിയ്ക്കാം. നീ അതു വീട്ടിലിരുന്ന് ചൊല്ലിയാൽ മാത്രം മതി. നീ ആഗ്രഹിക്കുന്നത് അത്രയും വിറക് വീട്ടുമുറ്റത്ത് എത്തും.'

ഇത്രയും പറഞ്ഞിട്ട് അപ്പൂപ്പൻ ഇവാനെ വിറകുമന്ത്രം പഠിപ്പിച്ചു. എന്നിട്ട് അപ്രത്യക്ഷനായി. വീട്ടിലെത്തിയ ഇവാൻ ഒരു കെട്ടു വിറകിനായി വിറകുമന്ത്രം ചൊല്ലി. ഠിം.......

അതാ ഒരു കെട്ട് വിറക് വീട്ടുമുറ്റത്തു വന്നു വീണു. അതുമായി ഇവാൻ ചന്തയിലെത്തി. അവിടെ മറ്റു വിറകു വിൽപ്പനക്കാർ ഉണ്ടായിരുന്നിട്ടും ഇവാൻറെ വിറകാണ് ആദ്യം വിറ്റു പോയത്. അത്രയ്ക്കു നല്ല വിറകായിരുന്നു അത്. അടുത്ത ദിവസം ഇവാൻ വിറകുമന്ത്രം ചൊല്ലി രണ്ടുകെട്ട് വിറക് വരുത്തി. ചന്തയിലേക്കുള്ള വഴിയിൽ വച്ചു തന്നെ ആൾക്കാർ ആ വിറകും വാങ്ങിപ്പോയി. അതിനടുത്ത ദിവസം ഇവാൻ മൂന്ന് കെട്ട് വിറക് ആഗ്രഹിച്ചു കൊണ്ട് വിറക് മന്ത്രം ചൊല്ലി. ആ വിറകെല്ലാം ആൾക്കാർ ഇവാൻറെ വീട്ടിൽ വന്നു വാങ്ങിക്കൊണ്ടു പോയി. അങ്ങനെ ഓരോ ദിവസവും ഇവാൻ ഓരോ കെട്ട് വിറക് കൂടുതൽ ആഗ്രഹിച്ചു. ആളുകൾ എല്ലാം വിറകു വാങ്ങാൻ ഇവാൻറെ വീട്ടിലേക്ക് വന്നുകൊണ്ടിരുന്നു. ഇവാൻറെ കീശ നിറയെ കാശായി. അയാൾ പഴയ വീട് പൊളിച്ചു മാറ്റിയിട്ട് അവിടെ ഒരു മാളിക പണിതു. അതോടെ അയാളൊരു അത്യാഗ്രഹിയായി മാറി. പിന്നീട് അയാൾ വിറകിൻറെ വില ഇരട്ടിയാക്കി. അപ്പോഴേക്കും മഞ്ഞുകാലവും വന്നെത്തി. ഇനി തീ കായുന്നതിനുള്ള വിറകു വേണം. മറ്റു മാർഗ്ഗമില്ലാതെ ആളുകൾ ഇരട്ടി വിലകൊടുത്തു വിറകു വാങ്ങി. വില കുറച്ചു തരുമോ എന്ന് ചോദിച്ച പാവങ്ങളെ അയാൾ ആട്ടി ഓടിച്ചു. താമസിയാതെ ഇവാൻ നാട്ടിലെ ഏറ്റവും വലിയ പണക്കാരനായി മാറി. അങ്ങനെയിരിക്കെ ഒരുദിവസം സന്ധ്യയ്ക്ക് ഒരപ്പൂപ്പൻ തണുത്ത് വിറച്ച് ഇവാൻറെ മുന്നിലെത്തി. തീ കായുവാൻ അൽപ്പം വിറകു ചോദിച്ചു.

പണമെടുക്ക്................ ഇവാൻ ഗൗരവത്തിൽ പറഞ്ഞു.

എൻറെ കൈയ്യിൽ ഒന്നുമില്ല അപ്പൂപ്പൻ കൈമലർത്തിക്കാണിച്ചു. പാവം അപ്പൂപ്പൻ നിലത്തുകിടന്ന കുറേ വിറകുകളും കരിയിലകളും അടിച്ചുകൂട്ടി അതിനു മുകളിൽ തീ കൊളുത്തി അവിടെ ഇരുന്നു തീകായാൻ തുടങ്ങി. ഇതു കണ്ട് ഇവാന് കലി കയറി. കുറേ മഞ്ഞുകട്ടകൾ വാരിയെടുത്ത് തീയിലേക്കിട്ടു. 'ഭും' പെട്ടന്ന് തീ ആളിക്കത്തി. കാറ്റത്ത് തീ പറന്നു വന്ന് ഇവാൻറെ മാളികമുകളിന് വീണു. വീടു മുഴുവനും കത്തി. മുറ്റത്ത് കൂട്ടിയിരുന്ന വിറകു കെട്ടുകളിലെല്ലാം തീ പടർന്നു. ഇവാൻ അലറികരഞ്ഞു. മഞ്ഞുകട്ടകൾ വാരിഎറിഞ്ഞു. വെള്ളം കോരി ഒഴിച്ചു. പക്ഷെ അതിനനുസരിച്ച് തീ ആളികത്തുകയാണ് ചെയ്തത്. നിമിഷങ്ങൾക്കുള്ളിൽ എല്ലാം ഒരുപിടി ചാരമായി മാറി. ആൾക്കൂട്ടത്തിനിടയിൽ ഇവാൻ ആ അപ്പൂപ്പനെ കണ്ടു. കാട്ടിൽ വച്ച് തനിക്ക് വിറകുമന്ത്രം പഠിപ്പിച്ചു തന്ന അപ്പൂപ്പനായിരുന്നു അത്. മാപ്പ് പറയാൻ എത്തിയ അയാൾ അപ്പൂപ്പൻറെ അരികിൽ എത്തി. പക്ഷെ പെട്ടന്ന് അപ്പൂപ്പൻ അപ്രത്യക്ഷനായി. അടുത്ത ദിവസം മുതൽ അയാൾ കാട്ടിലേക്കു പോയി. പിന്നീടുള്ള കാലം കഠിനമായി അധ്വാനിച്ചാണ് ഇവാൻ ജീവിച്ചത്.

# എളുപ്പവഴി

അഞ്ജന. എ, ക്ലാസ് - 9 ബി

ദരിദ്രനായ ഒരു യുവാവായിരുന്നു ദത്തൻ. വലിയൊരു പണക്കാരനായി മാറണമെന്നതാണ് അയാളുടെ ആഗ്രഹം. അങ്ങനെയിരിക്കെയാണ് ദത്തൻ ഒരു വിവരമറിഞ്ഞത്. വേഗം പണക്കാരനായി മാറിയ ഒരാൾ അടുത്ത ഗ്രാമത്തിലുണ്ട്. വിഷ്ണുശർമ്മൻ എന്നാണ് പേര്. ഉടൻതന്നെ ദത്തൻ വിഷ്ണുശർമ്മൻറെ മാളികയിലെത്തി. പണക്കാരനാകാനുള്ള എളുപ്പവഴി ദയവായി എനിയ്ക്കു പറഞ്ഞു തരണം. ദത്തൻ അപേക്ഷിച്ചു. വിഷ്ണുശർമ്മൻ ഒരു നിമിഷം ആലോചിച്ചിട്ടു പറഞ്ഞു. ശരി കുറേ ദിവസം ഇവിടെ താമസിച്ച് എന്നെ സഹായിക്കൂ. അതിനു ശേഷം ഞാൻ ആ രഹസ്യം പറഞ്ഞു തരാം. അങ്ങനെ ദത്തൻ വിഷ്ണുശർമ്മൻറെ മാളികയിൽ താമസമാക്കി. നല്ല തിരുക്കുള്ളയാളായിരുന്നു വിഷ്ണുശർമ്മൻ. അതിരാവിലെ എഴുന്നേൽക്കും. ജോലിക്കാരുടെ കൂടെക്കൂടി കാലികളെ എല്ലാം കുളിപ്പിക്കും. പിന്നെ കൃഷിസ്ഥലത്തേക്ക് പോകും. ഉച്ച കഴിഞ്ഞാൽ ധാന്യപ്പുരയിലാണ് അദ്ദേഹത്തിൻറെ ജോലി. ഇതിനിടെ അദ്ദേഹം ദത്തനോട് അധികം സംസാരിക്കാറുപോലുമില്ല. ഒരാഴ്ച അങ്ങനെ കഴിഞ്ഞു.

ഒരു ദിവസം ദത്തൻ ചോദിച്ചുപണക്കാരനാവാനുള്ള എളുപ്പവഴി അറിയാനാണ് ഞാൻ ഇവിടെ തങ്ങിയത്. ഒരാഴ്ച കഴിഞ്ഞു. അങ്ങ് ഒന്നും പറയുന്നില്ല. എങ്കിൽ ഞാൻ മടങ്ങിപ്പോകട്ടെ?

പുഞ്ചിരിച്ചു കൊണ്ട് വിഷ്ണുശർമ്മൻ പറഞ്ഞു. "സുഹൃത്തേ, ഇത്ര ദിവസവും ഇവിടെ നിന്നിട്ടും പണക്കാരനാവാനുള്ള വഴി നിങ്ങൾക്കു മനസ്സിലാക്കിയില്ലേ? ഒട്ടും സമയം പാഴാക്കാതെ അധ്വാനിക്കുക. അങ്ങനെ കിട്ടുന്ന പണം സൂക്ഷ്മതയോടെ ഉപയോഗിക്കുക. ചെയ്യുന്ന കാര്യത്തിൽ പൂർണ്ണശ്രദ്ധ പുലർത്തുക. ഇതാണ് പണക്കാരനാകാനുള്ള എളുപ്പ വഴി"

ആ വാക്കുകൾ ദത്തൻ ശ്രദ്ധയോടെ കേട്ടു. വിഷ്ണു ശർമ്മൻറെ ഉപദേശപ്രകാരം വ്യാപാരം തുടങ്ങിയ ദത്തൻ കുറേ വർഷം കഴിഞ്ഞപ്പോൾ വലിയൊരു പണക്കാരനാവുകയും ചെയ്തു.

# മുൻബുദ്ധി വൻബുദ്ധി

സൂരജ്. എസ്., ക്ലാസ് - 9 എ

ഒരിടത്തു ഒരു കാട്ടിൽ വലിയൊരു മരമുണ്ടായിരുന്നു. നറുമധുരമുള്ള പഴങ്ങൾ ധാരാളമായി ഉണ്ടാകുന്ന ആ മരത്തിനായിരുന്നു ആ കാട്ടിൽ ഏറ്റവും കൂടുതൽ ഉയരം. അങ്ങനെയിരിക്കേ ഒരു കിളി വന്ന് ആ മരത്തോടു ചോദിച്ചു. " ഞാനൊരു ദേശാടനക്കിളിയാണ്. ഞാനുമെൻറെ ഇണയും കൂടി ഈ ചില്ലകൾക്കിടയിൽ ഒരു ചെറിയ കൂടു പണിതോട്ടെ?" "ശരി ചങ്ങാതി" എന്ന് മരം സന്തോഷത്തോടെ സമ്മതിച്ചു. കിളി മരത്തിൻറെ തോളിൽ മനോഹരമായ കൂടു പണിതു. അതിൽ ചേക്കേറി. ആ കുടുംബം ആ മരത്തിൻറെ പഴങ്ങൾ തിന്ന് വിത്തുകൾ നാടുനീളെ പറന്നു നടന്ന് വിതച്ചു. കുറച്ചു കൂടി കഴിഞ്ഞ് മറ്റൊരു പക്ഷി വന്ന് ആ മരത്തോടു ചോദിച്ചു. നിൻറെ തൊലിക്കടിയിൽ ഒളിച്ചിരുന്ന് നിൻറെ ഉടൽ തിന്നുന്ന പുഴുക്കളെ ഞാൻ കൊത്തിയെടുത്തോട്ടെ? അതും മരം സന്തോഷത്തോടെ സമ്മതിച്ചു. മരത്തെ രക്ഷിക്കാനും തൻറെ വിശപ്പടക്കാനും ഒപ്പം വഴികണ്ട ആ കിളിയും കുടുംബത്തോടെ ആ മരത്തിൽ സുഖമായി പാർത്തു. അങ്ങനെ ചിലകാലം കഴിയെ, വേറൊരു പക്ഷി വന്ന് മരത്തോടു സമ്മതം ചോദിക്കാതെ അതിൻറെ തടിയിൽ കൊത്തിക്കൊത്തി പൊത്തുണ്ടാക്കുമ്പോൾ മറ്റു രണ്ടു കിളികളും ചേർന്ന് ഈ കിളിയോടു പറഞ്ഞു. അരുത് നീ ഈ ചെയ്യുന്നതെന്തെന്ന് നീ അറിയുന്നില്ല. മരം കേടാകുന്ന കിളി അതു ചെവിക്കൊള്ളാതെ ആ വൻപൊത്ത് തൻറെ വീടാക്കി. താമസമുറപ്പിക്കെ മറ്റേ കിളികളോട് ചോദിച്ചു എനിയ്ക്ക് നിങ്ങടെ ആരുടേയും ഉപദേശം വേണ്ട "നിങ്ങൾ നിങ്ങടെ പാട്ടിന് പോ" സങ്കടത്തോടെ ആ കിളികൾ പൊത്തില്ലാത്ത മരങ്ങളിലേക്ക് തങ്ങളുടെ കൂടുകൾ മാറ്റി. മഴക്കാലം വന്നു. ആദ്യം വീശിയ ശക്തിയേറിയ കാറ്റ് ഏറ്റവും കൂടുതൽ ഏറ്റത് ഏറ്റവും ഉയരമുള്ള ആ മരത്തിനാണ്. അതിൻറെ ഉടൽ പൊള്ളയായി കഴിഞ്ഞതിനാൽ അത് നടു മുറിഞ്ഞു വീണു നുറുങ്ങി. പൊത്തു തുളച്ച കിളി താൻ തുളച്ച പൊത്തിൽ ഞെരുങ്ങി ഒടുങ്ങി.

അതു ചൂണ്ടിക്കാട്ടി വിവരമുള്ള ജീവികളെല്ലാം തങ്ങളുടെ കുഞ്ഞുങ്ങളോടു പറഞ്ഞു "കണ്ടില്ലേ വരുംവരായ്കകൾ ആലോചിച്ചേ എന്തും ചെയ്യാവൂ".



# മരക്കൊമ്പിലെ ഹൃദയം

ഷഹനാസ്. എസ്., ക്ലാസ്സ്: 9 എ

പുഴക്കരയിലെ അത്തിമരത്തിൽ ഒരു കുരങ്ങൻ തനിച്ചു ജീവിച്ചിരുന്നു. വാനരകുലത്തിൽ നിന്ന് പുറത്തായ അവന് ചങ്ങാതിമാർ ആരുമില്ലായിരുന്നു. തനിച്ചുള്ള ജീവിതം അവന് മടുത്തു. നല്ലൊരു ചങ്ങാതിയെ കിട്ടിയിരുന്നെങ്കിലെന്നു അവൻ അതിയായി ആഗ്രഹിച്ചു. അങ്ങനെയിരിക്കെ ഒരു ചീങ്കണ്ണി ആ പുഴയിലൂടെ വന്നു. അതു നീന്തി വന്ന് അത്തിമരച്ചുവട്ടിലെത്തി. കുരങ്ങന് അതിനോട് ഇഷ്ടം തോന്നി. അവൻ അത്തിമരം കുലുക്കി



കുറേ അത്തിപഴങ്ങൾ വെള്ളത്തിലേക്കിട്ടു. ചീങ്കണ്ണി സ്വാദോടെ ഭക്ഷിച്ചു. പിന്നീട്, അവർ പരിചയപ്പെട്ടു. താൻ പുഴയ്ക്കക്കരെ കുടുംബസമേതം താമസിക്കുന്നവനാണെന്ന് ചീങ്കണ്ണി പറഞ്ഞു. വീണ്ടും കാണാമെന്ന ഉറപ്പിൽ അവർ അന്നത്തേയ്ക്ക പിരിഞ്ഞു.

പിന്നീട്, ചീങ്കണ്ണി നിത്യവും അത്തിമരച്ചുവട്ടിലെത്തി കുരങ്ങനുമായി സൗഹൃദം പങ്കുവച്ചു. കുരങ്ങനും താഴെയിറങ്ങി ചീങ്കണ്ണിയുടെ പുറത്തുകയറി സഞ്ചരിക്കുവാനും കളിക്കാനും തുടങ്ങി. തനിക്കൊരു കൂട്ടില്ലെന്ന ദുഃഖം അവൻ മറന്നു. എന്നും വായ് നിറയെ അത്തിപഴങ്ങൾ കൊടുത്താണ് കുരങ്ങൻ ചീങ്കണ്ണിയെ യാത്രയാക്കിയത്.

ചീങ്കണ്ണി ആ അത്തിപ്പഴങ്ങൾ തൻറെ ഭാര്യയ്ക്ക് കൊടുത്തു. രുചികരമായ ആ പഴങ്ങൾ എവിടെ നിന്നും കിട്ടി എന്നു അവൾ തിരക്കി. ചീങ്കണ്ണി ഒന്നും മറച്ചു വയ്ക്കാതെ കാര്യങ്ങൾ പറഞ്ഞു. കുരങ്ങനുമായുള്ള തൻറെ ഭർത്താവിൻറെ കൂട്ടുകെട്ട് അപകടകരമാണെന്ന് മനസ്സിലാക്കിയ അവൾ അവരെ തമ്മിലകറ്റാനുള്ള വഴികൾ ആലോചിച്ചു.

അടുത്ത ദിവസം അത്തിപ്പഴവുമായി മടങ്ങിയെത്തിയ ചീങ്കണ്ണി കണ്ടത് വയറുവേദനകൊണ്ട് പുളയുന്ന ഭാര്യയെയാണ്. അവൻ പരിഭ്രമത്തോടെ അവളോട് കാര്യം തിരക്കി. തനിക്ക് വേദന കലശലായിരിക്കുകയാണെന്നും കുരങ്ങൻറെ ഹൃദയം കൊണ്ട് മരുന്നുണ്ടാക്കികഴിച്ചാലല്ലാതെ രോഗശമനമുണ്ടാവില്ലെന്ന് വൈദ്യർ പറഞ്ഞുവെന്നും അവൾ ഭർത്താവിനെ അറിയിച്ചു. അതുകേട്ട് ചീങ്കണ്ണി ആകെ ധർമ്മസങ്കടത്തിലായി. തൻറെ ചങ്ങാതിയായ കുരങ്ങൻറെ ഹൃദയം എങ്ങനെ ചോദിക്കും? പക്ഷെ, അതിലും വലുത് ഭാര്യയുടെ ജീവനല്ലേ? ഏറെനേരത്തെ ആലോചനയ്ക്കു ശേഷം കുരങ്ങനെ എങ്ങനെയെങ്കിലും വീട്ടിലെത്തിച്ച് ഹൃദയം ചോദിക്കാമെന്ന് അവൻ നിശ്ചയിച്ചു.

പിറ്റേന്നും ചീങ്കണ്ണി പതിവുപോലെ അത്തിച്ചുവട്ടിലെത്തി. കുരങ്ങൻ ധാരാളം അത്തിപ്പഴങ്ങൾ കുലുക്കിയിട്ടുകയും ചങ്ങാതിയോടൊത്ത് കളിക്കുകയും ചെയ്തു. അപ്പോൾ ചീങ്കണ്ണി അവനോട് പറഞ്ഞു 'ചങ്ങാതീ, നീയിന്ന് എൻറെ കൂടെ വീട്ടിൽ വരണം. നിന്നെയൊന്ന് പരിചയപ്പെടണമെന്ന് എൻറെ ഭാര്യയും മക്കളും ഒരുപാട് നാളായി പറയുന്നു. നിനക്കു വേണ്ടി അവൾ ഒന്നാന്തരമൊരു സദ്യ ഒരുക്കിയിട്ടുണ്ട്. നീയെൻറെ മുതുകിൽ കയറിയിരുന്നാൽ മാത്രം മതി. സദ്യ കഴിഞ്ഞ് ഞാൻ നിന്നെ ഇതുപോലെ തിരിച്ചെത്തിക്കുകയും ചെയ്യാം.'

ചീങ്കണ്ണിയുടെ ചതി മനസ്സിലാക്കാതെ കുരങ്ങൻ ആ ക്ഷണം സ്വീകരിച്ചു. കുരങ്ങനെ പുറത്തിരുത്തി ചീങ്കണ്ണി നീന്തിത്തുടങ്ങി. അവർ ഏതാണ്ട് പുഴയുടെ നടുക്കെത്തിയതും ചീങ്കണ്ണി കാര്യം തുറന്നു പറഞ്ഞു. ഭാര്യയുടെ അസുഖശമനത്തിന് കുരങ്ങൻറെ ഹൃദയം എടുക്കാനാണ് പൊകുന്നതെന്ന ചീങ്കണ്ണിയുടെ വാക്കുകൾ കേട്ട് കുരങ്ങൻറെ നെഞ്ചു പിടച്ചു. എന്നാൽ അതു പുറത്തു കാട്ടാതെ അവൻ പറഞ്ഞു.

"ഇത്രേയുള്ളോ കാര്യം, എന്നാലത് നേരത്തെ പറയാമായിരുന്നല്ലോ. എൻറെ ചങ്ങാതിയുടെ ഭാര്യയെ സഹായിക്കാൻ ഞാൻ സന്തോഷപൂർവ്വം ഹൃദയം തരാം. പക്ഷെ ഒരു കുഴപ്പമുണ്ട്. ഞാനെൻറെ ഹൃദയം അത്തിമരക്കൊമ്പിൽ വെച്ചിട്ടാണ് പോന്നത്. അതുസാരമില്ല, എന്നെയവിടെയെത്തിച്ചാൽ ഞാനുടനെ അതെടുത്തു തരാം"

ചീങ്കണ്ണി സന്തോഷത്തോടെ തിരിച്ചു നീന്തി. അത്തിച്ചുവടെത്തിയതും കുരങ്ങൻ ഒറ്റച്ചാട്ടത്തിന് മരക്കൊമ്പിൽ കയറി അവിടെയിരുന്നു. കുറേനേരമായിട്ടും അവൻ ഹൃദയവുമായി തിരിച്ചെത്താത്തതുകൊണ്ട് ചീങ്കണ്ണി തിരക്കു കൂട്ടി. അപ്പോൾ മരക്കൊമ്പിലിരുന്ന് കുരങ്ങൻ വിളിച്ചു പറഞ്ഞു "എടാ വിഡ്ഢീ, ഏതെങ്കിലും ജീവിക്ക് സ്വന്തം ഹൃദയം മരക്കൊമ്പിൽ വയ്ക്കാനാകുമോ? നിന്നെ വിശ്വസിച്ച് കൂടെ പോന്നതിന് എനിയ്ക്ക് കിട്ടിയ ശിക്ഷയാണിത്. ഇനി നിനക്ക് നിൻറെ വഴി, എനിയ്ക്ക് എൻറെ വഴി" ചീങ്കണ്ണി ഇളിഭ്യനായി തിരിച്ചു പോയി.

ഗുണപാഠം: *ഓരോരുത്തരുടേയും തനിനിറം അറിഞ്ഞ് വേണം അവരുമായി ചങ്ങാത്തം സ്ഥാപിക്കാൻ. അല്ലെങ്കിൽ ഈ കഥയിലെ കുരങ്ങനുണ്ടായ അനുഭവം തന്നെ അവർക്കും വന്നു ചേരും.*

# നന്ദി



കൂടെ നിന്ന് കരുതൽ നൽകിയവർക്കും
ഒത്തു നിന്ന് സഹായിച്ചവർക്കും
എഴുതിയും പറഞ്ഞും ഒപ്പം നിന്നവർക്കും
ഞങ്ങളുടെ ഈ എളിയ പുസ്തകം
വായിക്കുന്നവർക്കും

നന്ദി...

അലൻ ജേക്കബ്
എഡിറ്റർ